പരാതി നൽകാനുള്ള കാർഡ് സ്ത്രീകൾക്ക് ലഭ്യമാക്കാൻ പദ്ധതി

7 (1471) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരാതി നൽകാനുള്ള കാർഡ് സ്ത്രീകൾക്ക് ലഭ്യമാക്കാൻ പദ്ധതി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ മുതൽ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര കാർഡുകളാണ് അച്ചടിക്കുവാൻ ഉദ്ദേശിക്കുന്നത് ; ഇതിലേക്ക് ചെലവാകുന്ന തുക എത്ര ; വിശദമാക്കുമോ ;

(സി) എപ്രകാരമാണ് കാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ; ഏത് റാങ്ക്വരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കാണ് ഇപ്രകാരമുള്ള പരാതി കാർഡ് മുഖേന പരാതി നൽകാൻ സാധിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇപ്രകാരം കിട്ടുന്ന പരാതികാർഡ് പരിശോധിക്കാനും നടപടി സ്വീകരിക്കുവാനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്ത്രീ സുരക്ഷാപദ്ധതി പ്രകാരം സ്ത്രീകൾക്ക് പരാതി നൽകുന്നതിനുവേണ്ടി സൗജന്യമായി പരാതികാർഡുകൾ ലഭ്യമാക്കുന്നതാണ്. 2-2-2011-ൽ പദ്ധതി ഉദ്ഘാടനം ചെയ്തുകഴിഞ്ഞു.

(ബി) 7 ലക്ഷം കാർഡുകളാണ് അച്ചടിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. അതിന്റെ ആദ്യഗഡുവായ 290000 കാർഡുകൾ അച്ചടിച്ചിട്ടുണ്ട്. 5 ലക്ഷം രൂപ ഇതിന്റെ ചെലവിന് വേണ്ടി അനുവദിച്ചിട്ടുണ്ട്.

(സി) എല്ലാ ജില്ലകളിലേയും ഓരോ പോലീസ് സ്റ്റേഷന്റെയും പരിധിയിൽ വരുന്ന ഹയർസെക്കൻഡറി തലം മുതൽ മുകളിലോട്ടുള്ള വനിതാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്ത്രീകൾ ജോലി നോക്കിവരുന്ന സർക്കാർ/സർക്കാരേതര സ്ഥാപനങ്ങൾ, വനിതാ സംഘടനകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്ത്രീ സാന്നിദ്ധ്യമുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗജന്യമായി അതാത് പോലീസ് സ്റ്റേഷനിലെ SHO മുഖാന്തരം ഓരോ സ്ഥാപനത്തിലേക്കും പരാതി കാർഡുകൾ വിതരണം ചെയ്യുന്നതിനും കൂടാതെ എല്ലാ പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും വനിതാ കംപാർട്ട്മെന്റിലെ യാത്രികർക്ക് വനിതാ പോലീസിനെ നിയോഗിച്ച് പരാതികാർഡുകൾ വിതരണം ചെയ്യുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. SHO മുതൽ പോലീസ് ഡയറക്ടർ ജനറൽ വരെയുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ഇപ്രകാരം പരാതി നൽകുന്നതിനു സാധിക്കും.

(ഡി) എല്ലാ ജില്ലകളിലും നൽകുന്നതിനായി പോലീസ് ജില്ലാ കോഡും ക്രമനമ്പരും ഉപയോഗിച്ചാണ് പരാതികാർഡുകൾ അച്ചടിച്ചിട്ടുള്ളത്. പരാതി കാർഡുകൾ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly